**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5108 27.06.2019 ൽ മറുപടിക്ക്

## ദേശീയ നിലവാരമുള്ള സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ മേഖലയിൽ ദേശീയ നിലവാരമുള്ള വിവിധ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ)<br>&<br>(ബി) | കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വൈറൽ രോഗ നിർണ്ണയങ്ങൾക്കായി സ്റ്റേറ്റ് ലെവൽ വൈറൽ റിസർച്ച് ഡയഗ്നോസ്റ്റിക് ലാബ് പ്രവർത്തിക്കുന്നുണ്ട്. ഈ ലാബിനെ റീജണൽ ലെവൽ വൈറൽ ഡയഗ്നോസ്റ്റിക് ലാബാക്കി മാറ്റുന്നതിനായി BSL III ലാബ് നിർമ്മിക്കുന്നതിനായി 3.895 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. (നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 1.8 കോടി രൂപയും)<br><br>സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി ചികിത്സാ വിഭാഗങ്ങൾ ആരംഭിച്ച് ഡോക്ടർമാരെയും ആധുനിക രീതിയിലുള്ള ചികിത്സ ഉപകരണങ്ങളും ലഭ്യമാക്കുക വഴി ടി ആശുപത്രികളുടെ നിലവാരം ഉയർത്തുവാനുള്ള നടപടി എടുത്തു വരുന്നുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് എന്ന സ്ഥാപനം സംസ്ഥാനത്ത് അനുവദിക്കുവാൻ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടുമോ? | (സി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് കേരളത്തിൽ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ